നിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചു. പ്രസ്തുത പദ്ധതിയുടെ ആറു വാർഡുകളിൽ അഞ്ചെണ്ണത്തിലും ശുദ്ധജല ലഭ്യത കുറവായതിനാൽ ഈ പദ്ധതിക്ക് അംഗീകാരം നൽകണമെന്നാണ് കമ്മിറ്റി ശുപാർശ ചെയ്തത്. ഇതിന് എത്രയും വേഗം അംഗീകാരം ലഭ്യമാക്കാൻ കഴിയുമെന്ന് കരുതുന്നു. കുഴൽമന്ദം നിയോജകമണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശ്ശി, കുത്തന്നൂർ, തരൂർ എന്നീ വില്ലേജുകൾക്കുവേണ്ടിയുള്ള ഒരു ശുദ്ധജല വിതരണ പദ്ധതി യുടെ സർവേ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ചൂലന്നൂർ, തോലന്നൂർ എന്നീ സ്ഥലങ്ങളും ഈ പദ്ധതി പ്രദേശങ്ങളിൽപ്പെട്ടതാണ്. ഈ പദ്ധതിക്ക് വിശദ മായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ നടപടി സ്വീക രിച്ചുവരികയാണ്.

(10) മാള നിയോജകമണ്ഡലത്തിലെ വാളൂർ-കൊരട്ടി റോഡിന്റെ പണി

ശ്രീ. യു.എസ്. ശശി : സർ, മാള നിയോജകമണ്ഡലത്തിൽപ്പെടുന്ന അന്നമനട പഞ്ചായത്തിലെ വാളൂർ-കൊരട്ടി റോഡ് സഞ്ചാരയോഗ്യമാക്കണ മെന്നാണ് എന്റെ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. വാളൂർ-കൊ രട്ടി റോഡിന് 52 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പണി തുടങ്ങിയ താണ്. മെറ്റലിംഗ് ഉൾപ്പെടെയുള്ള പണികൾ കഴിഞ്ഞു കിടക്കുകയാണ്. ടാറിംഗ് പണികൾ നടത്താത്തതുമൂലം മെറ്റൽ ഇളകി കിടക്കുന്നു. ഇതുമൂലം വഴിയാത്രക്കാർക്കുപോലും സഞ്ചരിക്കാൻ കഴിയാതെ വന്നിരിക്കുകയാണ്. നടന്ന പണികളുടെ സംഖ്യ കോൺട്രാക്ടർക്കു കൊടുക്കാത്തതുകൊണ്ടാണ് ഈ റോഡിന്റെ ടാറിംഗ് പണികൾ നടത്താൻ തയ്യാറാകാതെ വന്നത്. ഈ റോഡിലൂടെയുള്ള വാഹന ഗതാഗതം പോലും നിരോധിച്ചിരിക്കുകയാണ്. ഈ റോഡ് ഗതാഗത യോഗ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെ ന്നാണ് സർക്കാരിനോട് ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, വാളൂർ-കൊരട്ടി റോഡിന് 13 ലക്ഷം രൂപ ജൂൺ മാസത്തിൽ കൊടുത്തി ട്ടുണ്ട്. ഈ റോഡ് വില്ലേജ് റോഡ് ഗണത്തിൽപ്പെടുന്നതാണ്. ഒരു മെറ്റലിംഗ് കഴിഞ്ഞു. രണ്ടാമത്തെ മെറ്റലിംഗും ടാറിംഗും കൂടി എത്രയും പെട്ടെന്ന് നട ത്താൻ നിർദ്ദേശം കൊടുക്കാം.

(11) വലിയ പെരുംപുഴപാലത്തിന്റെ പുനർ നിർമ്മാണം

ശ്രീ. എം. മുരളി : സർ, നാലുകോടി രൂപ നിർമ്മാണചെലവു വരുന്ന മദ്ധ്യ തിരുവിതാംകൂറിന്റെ വികസനത്തിൽ ഒരു നാഴികക്കല്ലായ കൊല്ലം, കോട്ടയം ജില്ലകളെയും നാഷണൽ ഹൈവേയേയും എം.സി. റോഡിനെയും ഏറ്റവും കുറഞ്ഞ ദൂരം കൊണ്ട് ബന്ധിപ്പിക്കാൻ കഴിയുന്ന മാവേലിക്കരയിലെ വലിയ പെരുമ്പുഴ പാലത്തിന്റെ പുനർനിർമ്മാണം കരാറുകാരന് യഥാസമയം പണം നൽകാതിരുന്നതിനാൽ മന്ദീഭവിച്ചിരിക്കുകയാണ്. ഈ സുപ്രധാനമായ പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ പണം സർക്കാർ ലഭ്യമാക്കണം. പാലം പണി ഒരു കാരണവശാലും ഇനി നിറുത്തിവയ്ക്കാൻ ഇട നൽകരുത് എന്നാണ് സർക്കാരിനോട് അഭ്യർത്ഥിക്കുന്നത്. മദ്ധ്യ തിരുവിതാംകൂറിന്റെ ഗ്രാമീണ മേഖലയുടെ വികസനത്തിനുള്ള ഈ സുപ്രധാനമായ പാലത്തിന്റെ നിർമ്മാണത്തിന് ധനസഹായം ചെയ്യാൻ നബാർഡ് തയ്യാറാണ്. ഞാൻ നബാർഡിന്റെ ആസ്ഥാനമായ ബോംബെയിൽ രണ്ടു പ്രാവശ്യം പോയി.

LIBRARY ARCHIVES Kerala Legislative Assembly